# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 22 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


*(പി.ആർ. ശബരി–80)*

## *തീർഥാടകർക്ക് ആവശ്യമുള്ള സൗകര്യങ്ങളൊരുക്കി ദേവസ്വം ബോർഡ്*

*ശബരിമല: കലിയുഗവരദന്റെ ദർശനപുണ്യംതേടി സന്നിധാനത്തെത്തുന്ന തീർഥാടകർക്കാവശ്യമായ സൗകര്യങ്ങളൊരുക്കി തിരുവിതാംകൂർ ദേവസ്വംബോർഡ്. സന്നിധാനത്ത് ആകെ 1161 ശുചിമുറികൾ ദേവസ്വംബോർഡ് സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ 877 എണ്ണം സൗജന്യമാണെന്ന് മരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള വഴിയുടെ അരികിലും തീർഥാടകർക്കായി 150 മൂത്രപ്പുരകൾ തയ്യാറാക്കിയിട്ടുണ്ട്. ചന്ദ്രാനന്ദൻ റോഡ്, ക്യൂ കോംപ്ലക്സ്, മാളികപ്പുറം എന്നിവിടങ്ങളിലായി സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ മൂത്രപ്പുരകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 100 കുളിമുറികളും 60 ഷവർപോയിന്റുകളും പ്രവർത്തനക്ഷമമാണ്.*

*ബാത്റൂമുകളുടേയും ശൗചാലയങ്ങളുടേയും ശുചീകരണത്തിനായി മൂന്ന് ഷിഫ്റ്റുകളിലായി 99 തൊഴിലാളികളെ നിയമിച്ചി*

ട്ടുണ്ട്. ഓരോ ഷിഫ്റ്റിലും 33പേർവീതമുണ്ടാകും. ഇവരുടെ മേൽ നോട്ടത്തിനായി 30 ജീവനക്കാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മലകയറി ക്ഷീണിതരാകുന്ന അയ്യപ്പന്മാർക്ക് 24 മണിക്കൂറും കുടി വെള്ള ലഭ്യതയ്ക്കായി 283 ടാപ്പുകൾ പലസ്ഥലങ്ങളിലായി സ്ഥാപി ച്ചിട്ടുണ്ട്. ഔഷധഗുണമുള്ള തിളപ്പിച്ച ചുക്കുവെള്ളം വിതരണം 36 പോയിറ്റുകളിലായി ക്രമീകരിച്ചിട്ടുണ്ട്. തിളപ്പിച്ച ചുക്കുവെള്ള വിതര ണത്തിനായി മാത്രം 306പേരെ നിയോഗിച്ചിട്ടുണ്ട്. ഇവർ മുഴുവൻ സ മയവും പ്രവർത്തനനിരതരായി ഉണ്ടാകും.

വിശ്രമം ആവശ്യമായി വരുന്ന ഭക്തർക്ക് സൗകര്യങ്ങൾക്കായി 534 മുറികൾ മിതമായ വാടകയിൽ ലഭ്യമാകുന്നുണ്ട്. മണ്ഡലകാലം മുഴുവൻ ഈ കെട്ടിടങ്ങളും വൃത്തിയാക്കുന്നതിനായി ശുചീകരണ തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

ഭക്തജനങ്ങൾക്ക് നിത്യവും അന്നദാനത്തിനുള്ള സംവിധാ നവും ദേവസ്വംബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യസംസ്ക്കര ണത്തിനായി മൂന്ന് ഇൻസിനേറ്റർ സന്നിധാനത്ത് പ്രവർത്തിക്കു ന്നുണ്ട്. മണിക്കൂറിൽ 750 കിലോഗ്രാം മാലിന്യസംസ്ക്കരണത്തിനു ള്ള ശേഷി ഇവയ്ക്കുണ്ട്. അഞ്ച് എം.എൽ.ഡി. ശേഷിയുള്ള സീവേ ജ് ട്രീറ്റ്മെന്റ് പ്ലാന്റും 250ഓളം മാലിന്യസംഭരണികളും സന്നിധാന ത്തിന്റെ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

(പി.ആർ. ശബരി–81)

## നിലയ്ക്കലിലെ ഭീമൻ വീഡിയോസ്ക്രീനുകളിൽ തെളിയും ശബരിമല വിശേഷങ്ങൾ

ശബരിമല: പുണ്യദർശനത്തിനെത്തുന്ന അയ്യപ്പന്മാർക്ക് അറിവി നൊപ്പം വിവരങ്ങളും വിനോദങ്ങളും പകർന്ന് നൽകാനായി നിലയ് ക്കൽ ഭാഗത്ത് വീഡിയോ വാളുകൾസ്ഥാപിച്ചു.

300 സ്ക്വയർഫീറ്റ് വീതം വിസ്തീർണം വരുന്ന രണ്ട് വീഡിയോ സ്ക്രീനുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. കഴിഞ്ഞ തീർഥാടനകാലത്ത് പമ്പയിൽ രാമമൂർത്തി മണ്ഡപത്തിന് സമീപം സ്ഥാപിച്ചിരുന്ന വീഡിയോവാളുകൾക്ക് സമാനമായ രീതിയിലാണ് ഇത്തവണ നിലയ്ക്കലിൽ ഇത് ഒരുക്കിയിരിക്കുന്നത്.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം, വസ്ത്രങ്ങൾ നി

*ക്ഷേപിച്ച് പമ്പ മലിനമാക്കരുത്, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക തുടങ്ങിയ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾ, സന്ദർശകർക്ക് സഹായകരമായ ടോൾ ഫ്രീ നമ്പറുകൾ, പമ്പയിലും സന്നിധാനത്തും ലഭ്യമായ സേവനങ്ങളുടെ വിവരങ്ങൾ, കാനനപാതയിൽ പമ്പമുതൽ സന്നിധാനംവരെയുള്ള വൈദ്യസഹായത്തെക്കുറിച്ചുള്ള വിവരങ്ങൾ, ദേവസ്വംബോർഡിന്റെ അറിയിപ്പുകൾ, ബോർഡ് തീർഥാടകർക്കായി ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്രവും ആധികാരികവുമായ വിവരങ്ങൾ, ശബരിമലയുടെ ചരിത്രവും ആചാരങ്ങളും തീർഥാടകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്ന ലഘുവിവരണങ്ങൾ എന്നിവ ഈ സ്ക്രീനുകളിൽ പ്രദർശിപ്പിക്കും.*

*സന്നിധാനത്തെ ദൃശ്യങ്ങൾ തൽസമയം ഈ സ്ക്രീനുകളിൽ കൂടി പ്രദർശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായി പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക് സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ മാത്യൂജോൺ പറഞ്ഞു. ഇതരസംസ്ഥാന തീർഥാടകർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ വിവിധഭാഷകളിൽ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.*

*(പി.ആർ. ശബരി–82)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 22 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## *ശബരിമലയിൽ സുഖദർശനത്തിന് സൗകര്യമൊരുക്കി: എക്സിക്യൂട്ടീവ് ഓഫീസർ*

*ശബരിമല: മണ്ഡലകാലത്ത് ഭക്തരുടെ എണ്ണം കൂടുന്നുണ്ടെന്നും സന്നിധാനത്ത് എത്തുന്ന തീർത്ഥാടകർക്ക് കലിയുഗ വരദനെ മനം നിറയെ കണ്ട് പ്രാർത്ഥിക്കാനാനുള്ള എല്ലാ സൗകര്യവും ഒരുക്കിയിട്ടുണ്ടെന്നും ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ്കുമാർ പറഞ്ഞു. മണ്ഡലകാലത്തിന്റെ ആരംഭഘട്ടത്തിൽ ഉള്ളതിനേക്കാൾ വ്യാഴാഴ്ചയോടെ തീർഥാടകരുടെ എണ്ണം കൂടിയിട്ടുണ്ട്. അയ്യപ്പഭക്തർക്ക് സുഖദർശനത്തിനുള്ള മെച്ചപ്പെട്ട ക്രമീകരണം ഒരുക്കിയിട്ടുണ്ട്. പ്രസാദകൗണ്ടർ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം താമസസൗകര്യവും വിരിവെയ്ക്കാനുള്ള സൗകര്യവും ലഭ്യമാണ്. താമസസൗകര്യത്തിന് തിരിച്ചറിയൽ കാർഡ് ആവശ്യമാണ്. അന്നദാനമണ്ഡപത്തിൽ തീർഥാടകർക്ക് ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. നിലവിൽ 75ശത*

*മാനം കുത്തകകടകൾ ലേലം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ പലദിവസങ്ങളിലായി ലേലം ചെയ്തുവരുന്നു. ഭക്തരുടെ വർധനവിന് അനുസരിച്ച് ക്ഷേത്രവരുമാനത്തിലും മാറ്റമുണ്ടാകുമെന്നും എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.*

*(പി.ആർ. ശബരി-83)*

## *'തൃപ്തിയാന ദർശനം; സാമി അരുമയാന ദർശനം'*

*ശബരിമല: ശ്രീകോവിലിൽ അയ്യപ്പസ്വാമിയെ ദർശിച്ച് ആത്മീയ സംതൃപ്തി അനുഭവിച്ചറിഞ്ഞതിന്റെ ആഹ്ലാദതതിലാണ് ശബരിമലയിലെത്തുന്ന ഭക്തർ. 'തൃപ്തിയാന ദർശനം; സാമി തൃപ്തിയായി പാത്ത്റ്ക്കെ, ഇതുക്കുമേ ഇന്തമാതിരി ദർശനം കെടക്കയില്ല'. 36 തവണ ശബരിമലയിൽ ദർശനം നടത്തിയിട്ടുള്ള തമിഴ്നാട് നാമക്കൽ സ്വദേശിനി ലക്ഷ്മിയുടെ വാക്കുകൾ സുഖദർശനത്തിന്റെ പൂർണ സംതൃപ്തി പ്രകടമാക്കുന്നതായിരുന്നു. ഹൈദ്രബാദിൽ നിന്ന് ദർശനത്തിനു വന്ന അഞ്ജിമ 24 തവണ ദർശനം നടത്തിയിട്ടുണ്ട്. വരുമ്പോൾ ഭയമുണ്ടായിരുന്നു. എന്നാൽ സന്നിധാനത്തെത്തിയപ്പോൾ മനസ്സിലായി ഒരു പ്രശ്നവുമില്ലെന്ന്. കർണ്ണാടക മംഗലാപുരത്ത് നിന്നുവന്ന ലാലിനിയും സുഖദർശനത്തിന്റെ സന്തോഷം പങ്കുവെച്ചു.*

*മാളയിൽ നിന്നു സുലോചനയും വത്സലയും പേരക്കുട്ടികളുമായാണ് ദർശനത്തിന് വന്നത്. അയ്യപ്പ സ്വാമിയെ നല്ലോണം കണ്ട് തൊഴുതു. ഞങ്ങൾ 10പരുണ്ടായിരുന്നു. പേരകുട്ടികൾ ആദ്യമായി വന്നതാണ് അവർക്കും നന്നായി തൊഴാൻ സാധിച്ചു. സുലോചന പറഞ്ഞു. മൂന്നാം ക്ലാസുകാരി സാൻവി സന്ദീപിന്റെ മുഖത്തും സന്തോഷം തെളിഞ്ഞുകണ്ടു. സന്നിധാനത്ത് ലഭ്യമാകുന്ന സൗകര്യങ്ങളിലും പോലീസിന്റെ സമീപനത്തിലും തീർത്ഥാടകർ തൃപ്തി അറിയിച്ചു.*

*(പി.ആർ. ശബരി-84)*

## *അടിയന്തിര വൈദ്യസഹായത്തിനായി 15 കേന്ദ്രങ്ങൾ*

*ശബരിമല: പമ്പമുതൽ സന്നിധാനംവരെയുള്ള കാനനപാതയിൽ നീലിമലബോട്ടം, നീലിമല മിഡിൽ, നീലിമലടോപ്പ്, അപ്പാച്ചിമേട് ബോട്ടം, അപ്പാച്ചിമേട് മിഡിൽ, അപ്പാച്ചിമേട് ടോപ്പ്, ശബരിപീഠം, മര*

ക്കൂട്ടം, ക്യൂകോംപ്ലക്സ്, ശരംകുത്തി, വാവരുനട എന്നിവിടങ്ങിലും പാണ്ടിത്താവളം, ചരൽമേട് ടോപ്പ്, ഫോറസ്റ്റ് മോഡൽ ഇ.എം.സി, ചരൽമേട് ബോട്ടം തുടങ്ങിയ സ്ഥലങ്ങളിലുമായി ആരോഗ്യവകുപ്പ് 15 എമർജൻസി മെഡിക്കൽ സെന്റർ ക്രമീകരിച്ചിട്ടുണ്ട്. ഇവിടെ പരിശീലനം ലഭിച്ച നഴ്സുമാർ, നഴ്സിങ് പാരാമെഡിക്കൽ വിദ്യാർഥികൾ, അയ്യപ്പസേവാസംഘത്തിൽപ്പെട്ട വോളന്റിയർമാർ തുടങ്ങിയവർ 24 മണിക്കൂറും പ്രവർത്തനനിരതമായ സേവനമനുഷ്ഠിക്കുന്നു.

രോഗപരിചണം ആവശ്യമായിവരുന്ന അയ്യപ്പന്മാർക്ക് ഇവിടെ പ്രഥമശുശ്രൂഷ നൽകിയശേഷം ആവശ്യമെങ്കിൽ ആശുപത്രിയിലേയ്ക്ക് മാറ്റും. രണ്ട് ഷിഫ്റ്റുകളിലായി ഓരോ കേന്ദ്രത്തിലും നാലുപേർ അടങ്ങുന്ന വൈദ്യസഹായസംഘം കൂടാതെ അയ്യപ്പസേവാസംഘം വോളന്റിയർമാരും 24 മണിക്കൂറും സേവനമനുഷ്ഠിക്കുന്നു.

ഹൃദയസംബന്ധമായ ബുദ്ധിമുട്ട് നേരിട്ടാൽ അടിയന്തിരസഹായത്തിന് എല്ലാ സെന്ററുകളിലും ഹൃദയപുനരുജ്ജീവന യന്ത്രം ഉൾപ്പടെയുള്ള സജ്ജീകരണങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

(പി.ആർ. ശബരി–85)

## അയ്യപ്പദർശനത്തിനൊപ്പം ഭാഗവത പാരായണവും; ഭക്തിനിർവൃതിയിൽ വിജയകുമാരി

ശബരിമല: മണ്ഡലവ്രതം നോറ്റ് പൊന്നമ്പലവാസന്റെ ദർശനപുണ്യം തേടിയെത്തുന്ന ഭക്തലക്ഷങ്ങൾക്കു വേണ്ടി ശബരിമല സന്നിധാനത്തു ഭാഗവത പാരായണം ചെയ്യാൻ അവസരം ലഭിച്ചത് സുകൃതമായി കരുതുകയാണ് കൊല്ലം കടയ്ക്കൽ പന്തളംമുക്ക് സ്വദേശിനി എൻ.വിജയകുമാരി.

15 വർഷമായി ഭാഗവത പാരായണ രംഗത്തുള്ള ഈ അൻപത്തിയഞ്ചുകാരിക്ക് ശബരീശസന്നിധിയിൽ പുണ്യപാരായണത്തിനു അവസരം ലഭിക്കുന്നത് ഇതാദ്യമാണ്.

അയ്യപ്പദർശനത്തിനൊപ്പം സന്നിധാനത്തു വലിയനടപ്പന്തലിനു സമീപമുള്ള ശ്രീ ധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ ഭഗവതപാരായണത്തിന് അവസരം ലഭിക്കുക എന്നത് അനേകായിരങ്ങൾ ആഗ്രഹിക്കുന്ന പുണ്യപ്രവർത്തിയാണ്. ഈ

*അസുലഭ അവസരം ലഭിച്ചത് അയ്യപ്പാനുഗ്രഹം കൊണ്ടാണെന്നു കരുതാനാണ് തനിക്കിഷ്ടം എന്ന് ശ്രീമദ് ഭാഗവതത്തിലെ നരസിംഹാവതാരഭാഗം വായിച്ചു നിർത്തിക്കൊണ്ട് വിജയകുമാരി പറയുന്നു.*

*ചെറുകിടകച്ചവടക്കാരനായ ഭർത്താവ് കുട്ടൻ പിള്ളയും തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളേജിലെ വിദ്യാർത്ഥിനിയായ മകളും മകനും മറ്റു കുടുംബാംഗങ്ങളും വിജയകുമാരിക്ക് ലഭിച്ച ഈ അനർഘാവസരത്തിന്റെ ആഹ്ലാദത്തിലാണ്.*

*(പി.ആർ. ശബരി-86)*



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 22 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## *വണ്ടിത്താവളം വഴി വരുന്ന അയ്യപ്പന്മാർക്ക് പ്രത്യേക സുരക്ഷയൊരുക്കി പോലീസ്*

*ശബരിമല: അതീവദുർഘട വനമേഖലയിലൂടെ വണ്ടിത്താവളംവഴി ശബരിമലയിലെത്തുന്ന അയ്യപ്പന്മാരുടെ സുരക്ഷയ്ക്കായി പ്രത്യേക സംവിധാനമൊരുക്കി കേരളാപോലീസ്.*

*വണ്ടിത്താവളം വഴി സന്നിധാനത്തെത്തുന്ന ഭക്തന്മാരെ കാണാതാവുകയോ അവർക്ക് വഴിതെറ്റുകയോ ചെയ്താൽ കണ്ടെത്താൻ പോലീസ് ഉടൻ ഇടപെടും.*

*വണ്ടിത്താവളത്തിൽ തീർഥാടകരുടെ ഫോട്ടോയും മേൽവിലാസവും ഫോൺനമ്പരും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തും. സന്നിധാനത്ത് പ്രവേശിക്കുന്നതിനുള്ള എൻട്രി പോയിന്റായ പാണ്ടിത്താവളത്തിലെ പോലീസ് പിക്കറ്റിലേയ്ക്ക് ഇവരുടെ വിവരങ്ങൾ കൈമാറുകയും ചെയ്യും.*

*വണ്ടിത്താവളം വഴി യാത്ര അനുവദിക്കുന്നത് ഉച്ചയ്ക്ക് ഒരുമണിവരെയാണ്. പരമാവധി ആറുമണിയ്ക്ക് മുൻപായി പാണ്ടിത്താവളത്തിൽ എത്താൻ കഴിയും. നാലുമണിയ്ക്ക് ശേഷം പാണ്ടിത്താവളത്തിൽ എത്താത്ത തീർഥാടകരുടെ ലിസ്റ്റ് പരിശോധിച്ച് പോലീസ് അവരെ ഫോണിൽ ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷയും സൗക*

*ര്യവും ഒരുക്കും. ഈ വഴി തിരഞ്ഞെടുക്കുന്ന അയ്യപ്പന്മാർ വനത്തിൽ വഴി തെറ്റാൻ ഇടയുണ്ടെന്ന സാഹചര്യം മുന്നിൽ കണ്ടാണ് പോലീസ് ഈ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത്.*

*(പി.ആർ. ശബരി–87)*

## *സന്നിധാനത്ത് പോലിസീന്റെ സ്തുത്യർഹമായ സേവനം*

*ശബരിമല: സന്നിധാനത്തോ പരിസരങ്ങളിലോ സാമൂഹിക വിരുദ്ധരിൽ നിന്ന് ബുദ്ധിമുട്ട് അനുഭവപ്പെട്ടതായോ പണമോ മറ്റ് ജംഗമവസ്തുക്കളോ നഷ്ടപ്പെട്ടതായോ ഇതുവരെ യാതൊരു പരാതിയും ലഭിച്ചിട്ടില്ല. സന്നിധാനത്ത് പോലീസ് നടത്തുന്ന ഫലപ്രദമായ ഇടപെടൽ ഇതിന് കാരണമാണ്.*

*(പി.ആർ. ശബരി–88)*

## *കളഭാഭിഷേകം നടന്നു*

*ശബരിമല: ശബരിമല സന്നിധിയിൽ അയ്യപ്പന് കളഭാഭിഷേകം നടന്നു. ഉച്ചപൂജയോടനുബന്ധിച്ചു തന്ത്രി കണ്ഠരര് രാജീവര്, മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി എന്നിവരുടെ കാർമ്മികത്വത്തിലാണ് ചടങ്ങുകൾ നടന്നത്. പൂജിച്ച കലശവുമായി ക്ഷേത്ര പ്രദക്ഷിണം നടത്തി. വൈകുന്നേരം ദീപാരാധനയോടനുബന്ധിച്ചു പുഷ്പാഭിഷേകവും നടന്നു.*

*(പി.ആർ. ശബരി–89)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 22 | 2018 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്–5

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### ***നിരോധനാജ്ഞ നവംബർ 26ന് അർധരാത്രി വരെ നീട്ടി***

ശബരിമല: നിരോധനാജ്ഞ നവംബർ 26ന് അർധരാത്രി വരെ നീട്ടി
ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ നവംബർ 26ന് അർധരാത്രി വരെ നീട്ടി ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. നവംബർ 22ന് അർധരാത്രി മുതൽ നവംബർ 26ന് അർധരാത്രി വരെ ഉത്തരവിന് പ്രാബല്യമുണ്ട്.

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളത്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും, പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ, ശരണം വിളിക്കുന്നതിനോ ഈ ഉത്തരവ് മൂലം യാതൊരു തടസവും ഇല്ല.

ജില്ലാ പോലീസ് മേധാവി, ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ട്, എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാർ എന്നിവരുടെ റിപ്പോർട്ടുകളുടെയും

തുലാമാസ പൂജാ സമയത്തും ചിത്തിര ആട്ടവിശേഷ സമയത്തും മണ്ഡല മകരവിളക്കിനായി നട തുറന്നതു മുതലുള്ള പ്രതിഷേധങ്ങളുടെയും സംഘർഷ സാധ്യത നേരിൽ ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജില്ലാ മജിസ്ട്രേട്ടായ ജില്ലാ കളക്ടർ നിരോധനാജ്ഞ നീട്ടി ഉത്തരവു പുറപ്പെടുവിച്ചത്.

***(പി.ആർ. ശബരി-91)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.